പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 600 — 08/07/2013-ൽ മറുപടിയ്ക്ക്

## ലക്ഷം തൊഴിൽദാന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. തിലോത്തമൻ<br>ശ്രീ വി. എസ്. സുനിൽ കുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീമതി ഇ. എസ്. ബിജിമോൾ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കാർഷിക മേഖലയിലെ ലക്ഷം തൊഴിൽദാന പദ്ധതി ആരംഭിച്ചതെന്നാണ്; ഈ പദ്ധതിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; പദ്ധതിയുടേതായി എത്ര തുക കൃഷി വകുപ്പിന്റെ കൈവശമുണ്ടെന്ന് വെളിപ്പെടുത്തുമോ; | എ) 1994 ജി.ഒ(എം.എസ്)122/94/കൃഷി തീയതി 30.03.1994 പ്രകാരമാണ് ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി ആരംഭിച്ചത്. പദ്ധതി ആരംഭത്തിൽ 97,849 പേർ അംഗങ്ങളായി ചേർന്നിരുന്നു. അംഗങ്ങളിൽ നിന്നും സമാഹരിച്ച തുകയും സർക്കാർ വിഹിതമായ 14 കോടി രൂപയും ആയതിന്റെ പലിശയും ചേർത്ത് ഇപ്പോൾ 85,58,18,070/- രൂപ കൃഷി വകുപ്പിന്റെ കൈവശമുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു; പ്രഖ്യാപിച്ചിരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | ബി) കേരളത്തിലെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് കാർഷിക മേഖലയുടെ അഭിവൃദ്ധിയ്ക്ക് അക്ഷരാഭ്യാസമുള്ള യുവതീയുവാക്കളെ കാർഷിക മേഖലയിൽ ആകർഷിച്ച് നിറുത്തുന്നതിനും, കൃഷി സ്ഥിരം തൊഴിൽ ആയി സ്വീകരിച്ച് അതിൽ തുടരുന്ന ആളുകൾക്ക് 60 വയസ്സാകുമ്പോൾ പെൻഷൻ തുടങ്ങിയവ നൽകി സാമൂഹ്യ ക്ഷേമ സുരക്ഷിതത്വം ഉറപ്പാക്കുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങൾക്കു വേണ്ടിയാണ് പദ്ധതി രൂപീകരിച്ചത്. പദ്ധതിയുടെ ആരംഭത്തിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങൾ വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നു.<br>1. ഏതെങ്കിലും ഗുണഭോക്താവ് സ്വമേധയാ എന്നെങ്കിലും വിട്ടുപോവുകയാണെങ്കിൽ പദ്ധതി വിഹിതമായി അടച്ച 1000/- രൂപ മടക്കി കൊടുക്കാവുന്നതാണ്.<br>2. ഗുണഭോക്താവിന് 60 വയസ്സ് തികയുമ്പോൾ 30,000/- രൂപ മുതൽ 60,000/- രൂപ വരെ ഗ്രാറ്റുവിറ്റി നൽകുന്നതാണ്.<br>3. 60 വയസ്സ് മുതൽ മരണം വരെ പ്രതിമാസം 1000/- രൂപ പെൻഷൻ വ്യവസ്ഥയുണ്ട്. |

4. പദ്ധതിയിൽ അംഗമായതിനു ശേഷം ശാരീരികമായോ, മാനസികമായോ പൂർണ്ണ അവശത മൂലം കാർഷിക വൃത്തി തുടരാൻ സാധിക്കാതെ വന്നാൽ അംഗമായി ചേർന്ന കാലയളവ് അനുസരിച്ച് പ്രതിമാസം 200/- രൂപ മുതൽ 750/- രൂപ വരെ പെൻഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു.

5. പദ്ധതിയിൽ ചേർന്ന ശേഷം 60 വയസ്സിനു മുമ്പ് മരണം സംഭവിച്ചാൽ അംഗമായി ചേർന്ന കാലയളവ് അനുസരിച്ച് ഗുണഭോക്താവിന്റെ നോമിനിയ്ക്ക് 25,000/- രൂപ മുതൽ 1,00,000/- രൂപ വരെ മരണാനന്തര സഹായമായി വ്യവസ്ഥ ചെയ്തിരുന്നു.

സി) പദ്ധതി പ്രായോഗികമല്ലെന്ന് വിവിധ പഠന റിപ്പോർട്ടുകളുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പഠന റിപ്പോർട്ടുകളിലെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കുമോ ?

സി) ഉണ്ട്.

പദ്ധതിയിൽ നിന്നും സ്വമേധയാ പിരിഞ്ഞു പോകുന്നവർക്ക് 5,000/- രൂപ നൽകുന്നതിനും പദ്ധതി ഗുണഭോക്താക്കൾക്ക് ബാങ്ക് വായ്പയോടു കൂടി പദ്ധതികൾ നടപ്പിലാക്കുന്നതിനും 4 കോടി രൂപ പ്രത്യേക ഫണ്ടായി രൂപീകരിച്ച് ധനസഹായം നൽകുന്നതിനും നാബ്കോൺസ് പഠന റിപ്പോർട്ട് ശുപാർശ ചെയ്തിരുന്നു. പ്ലാനിംഗ് ബോർഡിന്റെ പഠന റിപ്പോർട്ട് പ്രകാരം പദ്ധതിയിൽ അധിക സാമ്പത്തിക ബാദ്ധ്യത വരുന്നതിനാൽ അംഗങ്ങൾക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ നൽകേണ്ടതില്ലെന്ന് ശുപാർശ ചെയ്തു. പദ്ധതി അംഗങ്ങൾക്ക് ബാങ്ക് വായ്പയോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിനും, കിസ്സാൻ ക്രഡിറ്റ് കാർഡ് വിതരണം ചെയ്യുന്നതിനും, അവശത പെൻഷൻ ഒറ്റതവണ നൽകുന്ന കാര്യവും പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ